## Environment



# സ്വാഭാവിക വനമില്ലാത്ത ജില്ലയെന്നത് പഴങ്കഥ; സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മിയാവാക്കി വനം ആലപ്പുഴയിൽ

04 July 2022, 08:29 AM IST

2021-22 വർഷത്തിൽ സംസ്ഥാനത്ത് ഏറ്റവുമധികം മിയാവാക്കി വിദ്യാവനം നിർമിച്ചിരിക്കുന്നത് ആലപ്പുഴയിൽ



പ്രതീകാത്മക ചിത്രം- തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലെ മിയാവാക്കി വനത്തിൻറെ ദൃശ്യം | ഫോട്ടോ:ശ്രീകേഷ്.എസ്

ആലപ്പുഴ:സ്വാഭാവിക വനമില്ലാത്ത സംസ്ഥാനത്തെ ഒരേയൊരു ജില്ലയാണ് ആലപ്പുഴ. എന്നാൽ, ഇനി അക്കഥ മാറുകയാണ്. ജില്ലാ സാമൂഹിക വനവത്കരണവിഭാഗത്തിന്റെ നേതൃത്വത്തിൽ ജില്ലയെ പച്ചപ്പണിയിക്കാനുള്ള ശ്രമം ഊർജിതമാണ്. 2021-22 വർഷത്തിൽ സംസ്ഥാനത്ത് ഏറ്റവുമധികം മിയാവാക്കി വിദ്യാവനം നിർമിച്ചിരിക്കുന്നത് ആലപ്പുഴയിലാണ്.

ജില്ലയിലെ 14 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വനം സൃഷ്ടിച്ചുകഴിഞ്ഞു. അഞ്ച് സ്ഥാപനങ്ങളിൽക്കൂടി ഉടൻ വനമൊരുക്കും. അപേക്ഷകൾ ഏറെ ലഭിക്കുന്നുണ്ടെങ്കിലും സ്ഥലസൗകര്യമുള്ളവരുടേതു മാത്രമേ ഇപ്പോൾ പരിഗണിക്കുന്നുള്ളൂ. മറ്റു ജില്ലകളിലൊന്നും ഇത്രയുമധികം മിയാവാക്കി വനങ്ങൾ നിർമിച്ചിട്ടില്ലെന്നാണ് അധികൃതർ പറയുന്നത്.

ഇതുവഴി സ്കൂൾ-കോളേജ് പരിസരത്തുതന്നെ വിദ്യാർഥികൾക്ക് വനസൗന്ദര്യമാസ്വദിക്കാൻ കഴിയും. 'വിദ്യാവനങ്ങൾ' ഒരുവർഷത്തിനുള്ളിൽ ചെറിയ റിസർവ് വനത്തിന്റെ രൂപത്തിലെത്തും. ഓരോ സ്ഥാപനവും നൽകിയ അഞ്ചുസെന്റിലാണ് വനം വെച്ചുപിടിപ്പിച്ചിരിക്കുന്നത്. 160 ഇനങ്ങളിലുള്ള 5,000 മരങ്ങളാണ് നട്ടിരിക്കുന്നത്. ഇവയിൽ കായുണ്ടാകുന്നതും ഔഷധഗുണമുള്ളതുമായ ചെടികളുമുണ്ട്.

**വിദ്യാവനം നിർമിച്ച സ്ഥാപനങ്ങൾ**

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്, ചേർത്തല എസ്.എൻ. കോളേജ്, മുഹമ്മ എ.ബി. വിലാസം ഹയർ സെക്കൻഡറി സ്കൂൾ, തുറവൂർ ടി.ഡി. ഹയർ സെക്കൻഡറി സ്കൂൾ, താമരക്കുളം വി.വി. എച്ച്.എസ്.എസ്., മാവേലിക്കര ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, ചെറിയനാട് ശ്രീവിജയേശ്വരി ഹൈസ്കൂൾ, പാണ്ടനാട് സ്വാമി വിവേകാനന്ദ ഹൈസ്കൂൾ, എഴുപുന്ന സെയ്ന്റ് റാഫേൽസ് ഹൈസ്കൂൾ, തൈക്കാട്ടുശ്ശേരി എസ്.എം.എസ്.ജെ. ഹൈസ്കൂൾ, ചെറിയനാട് എസ്.എൻ. ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂൾ, അമ്പലപ്പുഴ മരിയ മോണ്ടിസോറി സെൻട്രൽ സ്കൂൾ, പ്രയാർ ആർ.വി. എച്ച്.എസ്., വീയപുരം ഗവ. ഹൈസ്കൂൾ.

**ഇനി സൃഷ്ടിക്കുന്നത്**

നങ്ങ്യാർകുളങ്ങര ടി.കെ.എം.എം. കോളേജ്, ആലപ്പുഴ പോലീസ് ക്യാമ്പ്, ചേർത്തല പോലീസ് സ്റ്റേഷൻ, കോക്കോതമംഗലം സെയ്ന്റ് ആന്റണീസ് ഹൈസ്കൂൾ.

Content Highlights: Alappuzha holds the record of having most Miyawaki forest in Kerala